**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും**

## പ്രശാന്തി സന്ദേശം- ഉപാഖ്യാനം 262

# മനസ്സിനെ എങ്ങനെ അതിക്രമിക്കാം

## HOW TO TRANSCEND THE MIND, PART ONE

**ഒക്ടോബർ 17, 2024**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

### സത്യാന്വേഷണം
### SEARCH FOR TRUTH

സത്യത്തെ നാം എങ്ങനെയാണ് സ്വീകരിക്കുക? സത്യത്തെ നാം എങ്ങനെയാണ് ഗ്രഹിക്കുക? അത് എപ്രകാരമാണ് സ്വീകരിക്കപ്പെടുകയും മനസ്സിലാക്കപ്പെടുകയും ചെയ്യുക? സത്യത്തിനായുള്ള തെരച്ചിൽ, സത്യത്തിനായുള്ള അന്വേഷണം, സത്യത്തിലേക്കുള്ള തേടൽ സംബന്ധമായ വിവിധ വശങ്ങൾ എന്തൊക്കെയാണ്?

ഈ അന്വേഷണപ്രക്രിയ, അതിന്റെ പ്രവർത്തനരീതി(methodology), അന്വേഷണ സമ്പ്രദായം, തെരച്ചിൽ രീതി ഇവയൊക്കെ മനുഷ്യമനസ്സുമായി ബന്ധപ്പെട്ടിരിക്കുന്നു.




മനസ്സാണ് തെരയുന്നത്. മനസ്സാണ് സംശയിക്കുന്നത്. മനസ്സാണ് തേടുന്നത്, മനസ്സ് എങ്ങനെയാണ് ധരിക്കുന്നത്, അതെങ്ങനെയാണ് സ്വാംശീകരിക്കുന്നത്, അതെങ്ങനെയാണ് സ്വീകരിക്കുന്നത്, അതെങ്ങനെയാണ് പ്രതിഫലിപ്പിക്കുന്നത്, അതെങ്ങനെയാണ് പ്രതികരിക്കുന്നത്, അതെത്രമാത്രം സംവേദിയാണ് എന്നൊക്കെ മനസ്സിനാണ് സംശയനിവാരണം ആവശ്യമായിട്ടുള്ളത്.

വിശാലമായി പറഞ്ഞാൽ, മനസ്സ് 5 തരത്തിൽ പ്രതികരിക്കുന്നുണ്ട് അഥവാ ചിന്തിക്കുന്നുണ്ട്. നമുക്കവയെ ഒന്നൊന്നായി പഠിക്കാൻ ശ്രമിക്കാം. ഏതു മനസ്സുമായിക്കോട്ടെ, ഒരു ഇന്ത്യൻ മനസ്സ്, അഥവാ ഒരു ബ്രിട്ടീഷ് മനസ്സ്, അതൊരു മനസ്സാണ്!

അതു പോട്ടെ(Never mind)! മനസ്സ് മനസ്സാണ്. മനസ്സ് സ്വീകരിക്കുന്നു, ആഗിരണം ചെയ്യുന്നു, വ്യാപരിക്കുന്നു, 5 തലങ്ങളിൽ പ്രവർത്തിക്കുന്നു.

## മനസ്സിന്റെ 5 ശേഷികൾ
## THE FIVE CAPACITIES OF THE MIND

ആദ്യത്തേത് ശരിയായ അറിവ്(right knowledge) സ്വീകരിക്കുന്നതിനുള്ള




ശേഷിയാണ്. ശരിയായ അറിവ് സ്വീകരിക്കുന്നതിനുള്ള കഴിവ് മനസ്സിനുണ്ട്. രണ്ടാമത്തെ ശേഷിയെന്നത്, അതിന് തെറ്റായ അറിവും സ്വീകരിക്കുന്നതിനുള്ള കഴിവുണ്ട് എന്നതാണ്. ഒരുവേള, അത് കൂടുതൽ ആസ്വദിക്കുന്നതും ആനന്ദിക്കുന്നതും അവിടെയാവും! അപ്പോൾ, രണ്ടാമത്തേത് തെറ്റായ അറിവ് സ്വീകരിക്കുന്നതിനുള്ള ശേഷിയാണ്. മൂന്നാമത്തെ ശേഷി, സങ്കൽപ്പിക്കാനുള്ള കഴിവാ(ability to imagine)ണ്. അതിന് ഭാവനയുണ്ട്. നാലാമത്തേത്, ഒരു പ്രവൃത്തിയും ചെയ്യാതെ അതിന് ഒരിടത്തിരിക്കാനുള്ള കഴിവാണ്, ഒരു കൂടയ്ക്കകത്ത് ചുരുണ്ടിരിക്കുന്ന പാമ്പിനെപ്പോലെ. പാമ്പിനെ ഒരു കൂടയ്ക്കകത്താക്കിയാൽ, അത് സ്വയം



ചുരുണ്ട്, കൂടയുടെ അടപ്പിനു കീഴെ ഇരിക്കും. ഇതേപോലെ, മനസ്സ് പിൻവലിഞ്ഞ് കിടക്കുന്നു. അത് ചത്തുപോയിട്ടില്ല. അത് അപ്രത്യക്ഷമാവുകയോ തിരോഭവിക്കുകയോ ചെയ്തിട്ടില്ല. അത് പ്രവൃത്തി ചെയ്യാതെ ഒരിടത്തിരിക്കുകയാണ്. അത് സുഷുപ്തിയാണ്. ഇനി, അഞ്ചാമത്തെ ശേഷിയെന്നത് മനസ്സിന് ഭൂതകാലം ഓർക്കാനും അതിനെ സ്മരണയിലേക്ക് കൊണ്ടുവരാനുള്ള കഴിവുമുണ്ട് എന്നതാണ്.

അപ്പോൾ, മനസ്സിന് 5 ഗുണവിശേഷങ്ങൾ അഥവാ സവിശേഷതകൾ, 5




പ്രവർത്തനശേഷികൾ, കഴിവുകൾ, അഥവാ കേവല വൃത്തികൾ ഉണ്ട്. എന്തൊക്കെയാണവ? വീണ്ടും പറയാം, ആദ്യത്തേത് ശരിയായ അറിവ് സ്വീകരിക്കുന്നതിനുള്ള ശേഷിയാണ്. രണ്ടാമത്തേത്, തെറ്റായ അറിവ് സ്വീകരിക്കുന്നതിനുള്ള ശേഷിയാണ്. മൂന്നാമത്തേത്, സങ്കൽപ്പിക്കാനുള്ള പ്രവണതയാണ്. നാല്, ഗാഢസുഷുപ്തിയിലാവാനുള്ള ശേഷി-ഒന്നിലും പങ്കെടുക്കാതെ, സംഭാവന ചെയ്യാതെ, നിശ്ശബ്ദമായി, മന്ദമന്ദമായി, അലസമായി ഇരിക്കുക. അഞ്ചാമത്തേത്, ഓർക്കാനുള്ള, ഓർത്തെടുക്കാനുള്ള, സ്മരണയിലേക്ക് കൊണ്ടുവരാനുള്ള ശേഷിയാകുന്നു. ഏതു രാജ്യത്തുനിന്നും വരുന്ന, ഏതു കാലത്തുമുള്ള, ഏതു മനുഷ്യന്റെയും, മനസ്സിന്റെ 5 സവിശേഷതകൾ ഇവയാണ്.

## ശരിയായ അറിവ് നേരിട്ട അന്തർദർശനത്തിലൂടെ
## RIGHT KNOWLEDGE THROUGH DIRECT COGNITION

മനസ്സിന് ശരിയായ അറിവ്, എന്നു വച്ചാൽ കൃത്യവും സൂക്ഷ്മവുമായ അറിവ്, നേടുന്നതിനുള്ള ശേഷി അഥവാ കഴിവ് ഉണ്ട്. മനസ്സിന് ആ ശേഷിയുണ്ട്, പക്ഷേ നമുക്ക് വിവരം ലഭിക്കുന്നതിനെ ആശ്രയിച്ചിരിക്കും അത്. മനസ്സിന് എങ്ങനെയാണ് കൃത്യമായ അറിവ് ലഭിക്കുന്നത്? ആദ്യമായി, അത് നേരിട്ട അന്തർദർശന(direct cognition)ത്തിലൂടെയാണ്, അത് വളരെ ലളിതമായ സംഗതിയാണ് : ഞാൻ നിങ്ങളെ അവിടെ കാണുന്നു. അതുകൊണ്ട്, ഞാൻ കാണുന്നതെന്താണോ അത് ഞാൻ വിശ്വ

സിക്കുന്നു. ഇതാണ് ശരിയായ അറിവ്. ഞാനിവിടെ ഒരു മയിലിനെ കാണുന്നില്ല, അതിനാൽ അത് ഇവിടെയുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇത് ശരിയായ അറിവാകുന്നു. ഞാൻ ഫാൻ കാണുന്നു. അതെ, അത് ഇവിടുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. ഇത് ശരിയായ അറിവാകുന്നു. ഞാനിവിടെ ഒരു ഹീറ്റർ കാണുന്നില്ല, അതിനാൽ അത് ഇവിടെയുണ്ടെന്ന് ഞാൻ സമ്മതിക്കുന്നില്ല. ഇത് ശരിയായ അറിവാകുന്നു.




അപ്പോൾ, ആദ്യത്തെ സവിശേഷത പ്രത്യക്ഷമായ തെളിവ്, നേരിട്ടുള്ള തെളിവ് അഥവാ പ്രത്യക്ഷ ദർശനം ആണ്. കേൾക്കപ്പെടുന്നത്, കാണപ്പെടുന്നത്, പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് അനുഭവിക്കപ്പെടുന്നത്, ഇവയെല്ലാം വിശ്വസിക്കാൻ മതിയായ തെളിവ് അഥവാ അടയാളം തരുന്നു. ഇതിനെയാണ് ഞാൻ 'പ്രത്യക്ഷ ദർശനം(direct cognition)' അഥവാ 'പ്രത്യക്ഷ ഗ്രഹണം(direct perception)'എന്നു വിളിച്ചത്. മറ്റു രീതിയിൽ പറഞ്ഞാൽ, കേവലം രണ്ടു വാക്കുകൾ മതി-'ശരിയായ അറിവ്'.

**പ്രത്യക്ഷ ദർശനം എല്ലായ്പോഴും കൃത്യമോ?**
**IS DIRECT COGNITION ALWAYS CORRECT?**

ഈ 'പ്രത്യക്ഷ ഗ്രഹണം' അഥവാ 'പ്രത്യക്ഷ ദർശനം' ആണ് ശരിയായ അറിവു നേടാനുള്ള മാർഗം. പക്ഷേ, ഇത് കൃത്യമാണോ? അതെല്ലായ്പോഴും ശരിയാണോ? അല്ല. എന്തുകൊണ്ട്? സ്വാമി അവിടുത്തെ പ്രഭാഷണങ്ങളിൽ ഏതാനും ഉദാഹരണങ്ങൾ നൽകിയിട്ടുണ്ട്. ഒന്ന് ഇതാ:

നാം ഇവിടെ ഇരിക്കുന്നു. നാം ഇളകുന്നില്ല, ശരിയല്ലേ? ഇവിടെ ആരെങ്കിലും അനങ്ങുന്നുണ്ടോ? ഇല്ല, ആരുമില്ല. നല്ല പനിയുള്ള അഥവാ എന്തെങ്കിലും ആരോഗ്യപ്രശ്നമുള്ള ആരെങ്കിലും ഇവിടെയുണ്ടോ? ഇല്ല, നമ്മൾ ഇളകുന്നില്ല. വാസ്തവത്തിൽ നമ്മളെല്ലാവരും മതിയാംവണ്ണം സ്ഥിരമായി ഇരിക്കുന്നു. ഭൂമി സ്ഥിരമാണോ? അപ്പോൾ ഇതൊരു ശരിയായ പ്രസ്താവനയാണോ? അല്ല! ഭൂമി സ്വയം അതിനു ചുറ്റും വലിയ വേഗതയിൽ കറങ്ങിക്കൊണ്ടിരിക്കുകയാണ്. അതു മാത്രമല്ല, അത്

സൂര്യനു ചുറ്റും പ്രദക്ഷിണം ചെയ്യുകയുമാണ്. എന്നാൽ, ഞാൻ ഇവിടെ ഇരിക്കുന്നതുകൊണ്ട് എനിക്ക് കുഴപ്പമൊന്നുമില്ല. ഭൂമി കറങ്ങുകയാണെന്ന് തോന്നുന്നതേയില്ല. നിങ്ങളും ചലിക്കുന്നില്ല. നിങ്ങൾ അവിടെ ചലിക്കാതെയിരിക്കുന്നു. അപ്പോൾ, പ്രത്യക്ഷ വീക്ഷണം അഥവാ പ്രത്യക്ഷ ദർശനം സത്യം അഥവാ ശരിയായ അറിവ് വെളിപ്പെടുത്തണമെന്നില്ല.

മറ്റൊരു പോയിന്റ് ഇതാ: രാത്രിസമയത്ത്, നിങ്ങൾ ഒരു റോഡിലൂടെ നടക്കുകയാണ്. പെട്ടെന്ന് ഒരു പാമ്പ് കിടപ്പുണ്ടെന്ന് നിങ്ങൾക്കു തോന്നുന്നു. നിങ്ങൾക്ക് പാമ്പിനെ



പേടിയാണ്, നിങ്ങൾ ഓടാൻ തുടങ്ങുന്നു. പിറ്റേന്നു കാലത്ത്, നിങ്ങൾ അതേ തെരുവിലൂടെ പോകാനിടയാവുന്നു. 'പാമ്പ് എവിടെയാണ്? കഴിഞ്ഞ രാത്രി ഇവിടെയാണ് ഞാനതിനെ കണ്ടത്. ഇപ്പോളത് എവിടെ പോയിരിക്കും?' ഇപ്പോൾ പാമ്പില്ല, ഒരു കയറു മാത്രമേയുള്ളൂ. അപ്പോൾ, കഴിഞ്ഞ രാത്രി, എന്റെ കണ്ണുകൾ അഥവാ എന്റെ കാഴ്ച എന്നോടു പറഞ്ഞത് ഞാനൊരു പാമ്പിനെ കണ്ടു എന്നാണ്. എന്നാൽ ഇന്ന്, തൊട്ടടുത്ത പുലരിയിൽ, എന്റെ കണ്ണുകൾ പറയുന്നു, 'പാമ്പല്ല, അതൊരു കയറു മാത്രമാണ്. കഴിഞ്ഞ രാത്രിയിൽ അതൊരു തെറ്റിദ്ധരിക്കപ്പെട്ട സ്വത്വം(mistaken identity) അഥവാ മേൽ ചാർത്തൽ(superimposition) മാത്രമായിരുന്നു.'

നിങ്ങളുടെ കണ്ണുകൾ നിങ്ങളെ വഞ്ചിച്ചിരിക്കുന്നു അഥവാ ചതിച്ചിരിക്കുന്നു. "കഴിഞ്ഞ രാത്രി, എന്റെ കണ്ണുകൾ ഒരു പാമ്പിനെ കണ്ടതാണ്, പക്ഷേ ഇന്നു കാലത്ത്, അതൊരു കയറ് മാത്രമാണെന്ന് ഞാൻ കാണുന്നു!" ഇനി പറയൂ, നാം കാണുന്ന ഓരോന്നും സത്യമാണെന്ന് നമുക്ക് പറയാനാവുമോ? അങ്ങനെയാവണമെന്നില്ല! നമ്മൾ കാണുന്നതൊക്കെ സത്യമായേക്കില്ല. നമ്മൾ കാണുന്നതെല്ലാം നമ്മുടെ ശിരസ്സാകുന്ന കമ്പ്യൂട്ടറിലേക്ക് ശരിയായ വിവരം നൽകണമെന്നില്ല. മനസ്സ് ഒരു കമ്പ്യൂട്ടറാകുന്നു. ചിലപ്പോഴൊക്കെ കണ്ണുകൾ നമ്മുടെ കമ്പ്യൂട്ടറിലേക്ക്(നമ്മുടെ മനസ്സ്) ശരിയായ വിവരം 'ഫീഡ് ചെയ്യണ'മെന്നില്ല. ആളുകൾ ചിലപ്പോൾ മില്ലേനിയം



ബഗിനെക്കുറിച്ച്(Y2K bug) സംസാരിക്കുന്നു-കമ്പ്യൂട്ടറുകൾപോലും ബഗ്ഗുകളെക്കൊണ്ട് പൊറുതിമുട്ടുന്നു! നമ്മൾ മൂട്ടകളെക്കൊണ്ട് കഷ്ടപ്പെടുന്നതുപോലെ, കമ്പ്യൂട്ടറുകൾക്കും അവയുടേതായ ബഗ്ഗുകളുണ്ട്! കമ്പ്യൂട്ടറും ഇവ കാരണം തകരാറിലാവുന്നു! ഇതേപോലെ, കണ്ണുകൾ, ദൃഷ്ടി അഥവാ കാഴ്ച ചിലനേരം കമ്പ്യൂട്ടറിന് തെറ്റായ വിവരം(information) നൽകുന്നു.

ഇനി, കേൾവി എടുക്കുക. ഒരു നായ കുരയ്ക്കുന്നു: "ഓ, ഇവിടെ എവിടെയോ ഒരു പട്ടിയുണ്ട്", ഞാൻ പറയും. എന്നാൽ, അന്വേഷിക്കുമ്പോൾ എനിക്ക് അറിയാൻ പറ്റു



ന്നത് ഒരു വിദ്യാർത്ഥി അനുകരണത്തിൽ, പട്ടിയുടെ കുര അനുകരിക്കുന്നതിൽ വളരെ മിടുക്കനാണ് എന്നാണ്. കുരയ്ക്കുന്നതിൽ അവൻ വിജയിയാണ്, കാരണം, ഒരു മിമിക്രി കലാകാരനെന്ന നിലയ്ക്ക് അത്ര നന്നായാണ് അവൻ അനുകരിക്കുന്നത്. അപ്പോൾ, ഞാൻ കേൾക്കുന്നതൊക്കെ സത്യമാണെന്ന് എനിക്ക് പറയാനാവുമോ? കാത് പറയുന്നത് കുരയ്ക്കുന്ന ഒരു നായയുണ്ട് എന്നാണ്, എന്നാൽ അത് സത്യമല്ല.

പെട്ടെന്ന് എനിക്ക് ഒരു കുഷ്യന്റെ സ്പർശം അനുഭവപ്പെടുന്നു. ഇവിടെ ഒരു കുഷ്യനുണ്ടോ? ഇല്ല. ഉടനെ, ഞാൻ നോക്കുമ്പോൾ, കാണുന്നത് ഒരു ടെഡ്ഡി ബെയർ ആണ്, അതല്ലെങ്കിൽ ഒരു പൂച്ചയുടെ നനുത്ത രോമമാണ്. അപ്പോൾ, സ്പർശേന്ദ്രിയവും സത്യം തരണമെന്നില്ല.



ഇനി, ശ്രവണേന്ദ്രിയം സത്യം പറയണമെന്നില്ല, ദൃശ്യേന്ദ്രിയവും സത്യം പറയണമെന്നില്ല. പ്രത്യക്ഷമായ തെളിവ് ആവശ്യമാണെന്ന് നാം മുഖവിലയ്ക്കു മാത്രം പറയുകയാണ്. പക്ഷേ അത് ആവശ്യമില്ല! അതാണ് ഒരു വസ്തുത.

ഇന്ദ്രിയങ്ങളെന്നാൽ കണ്ണുകൾ, ചെവികൾ, മൂക്ക്, ത്വക്ക് തുടങ്ങിയവയാണെന്ന് നമുക്കറിയാം. ഈ ജ്ഞാനേന്ദ്രിയങ്ങൾ(senses of perception or cognition) കേവലം യാന്ത്രിക സംവിധാനങ്ങളാണ്. അവ ഉപകരണങ്ങൾ മാത്രമാണ്, അവ കുറച്ചു കാലത്തേക്ക് ശക്തിയായി പ്രവർത്തിക്കും. പിന്നീട്, 60 വയസ്സിനു ശേഷം, അവ

ബോയ്കോട്ടു ചെയ്ത് സമരത്തിൽ പോവുന്നു! 60 വയസ്സു വരെ, അവ പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ പിന്നീട്, ഒരു നിശ്ചിത പ്രായത്തിനു ശേഷം, ഈ ഇന്ദ്രിയങ്ങൾ പ്രവർത്തനരഹിതമായിത്തീരുന്നു. ഇത് അർത്ഥമാക്കുന്നത്, ഇന്ദ്രിയങ്ങൾ യാന്ത്രികമാണെന്നാണ്. അപ്പോൾ നമുക്കെന്തു ചെയ്യാനാവും?




**അതീന്ദ്രിയാനുഭവം**
**TRANSCENDENTAL EXPERIENCE**

ഈ മൈക്ക് പ്രഭാഷകന്റെ ശബ്ദമാണ് തരുന്നത്. മൈക്ക് നീക്കം ചെയ്താൽ, പ്രഭാഷകനും സദസ്യരും മുഖാമുഖം ആകുന്നു. മൈക്ക് അവർക്കിടയിലുള്ള ഒരു ഉപകരണമാണ്. ഒരിക്കൽ ഈ ഉപകരണം നീക്കം ചെയ്താൽ, അവർ നേർക്കു നേരെ, മുഖാമുഖമാകുന്നു.




ഇതേപോലെ, നാം ഇന്ദ്രിയങ്ങൾക്കപ്പുറം വളരേണ്ടിയിരിക്കുന്നു, ഇന്ദ്രിയങ്ങൾക്കതീതമായി, അവയെ അതിക്രമിക്കേണ്ടിയിരിക്കുന്നു. അവിടെ, അറിയുന്നവനും അറിയപ്പെടുന്നതും(the knower and the known) മുഖാമുഖമാണ്.

അറിയപ്പെടേണ്ടത് അവിടെയുണ്ട്. അറിയാനാഗ്രഹിക്കുന്ന അറിയുന്നവൻ ഇവിടെയുണ്ട്. ഇതൊരു പ്രത്യക്ഷ സമാഗമ(direct encounter)മാണ്. അവർ മുഖാമുഖം നിൽക്കുകയാണ്. ഇവിടെ മേലിൽ ഇന്ദ്രിയങ്ങളുടെ ആവശ്യമില്ല. എനിക്ക് കാണേണ്ടതില്ല. എനിക്ക് കേൾക്കേണ്ടതില്ല. എനിക്ക് തൊടേണ്ടതില്ല! ഇല്ല. ഈ ഉപകരണങ്ങൾ നിലയ്ക്കുമ്പോൾ, ഞാൻ നിങ്ങളെ അഭിമുഖീകരിക്കുന്നു, മുഖാമുഖം.

ഇതൊരു അതീന്ദ്രിയാനുഭവം ആകുന്നു. ഒരുവൻ ഇന്ദ്രിയാതീതനാവണം. ഇന്ദ്രിയാതീത(The transcendental)മെന്നത് ഇന്ദ്രിയങ്ങൾക്കതീതമായ ഒരു അനുഭവമാകുന്നു.




അറ്റൊരു വസ്തുത നാം മനസ്സിലാക്കണം. ഇന്ദ്രിയങ്ങൾ ആവശ്യമായി വരുന്നത് പുറത്തുള്ളതെന്തോ അത് കാണുവാനാണ്. ഇന്ദ്രിയങ്ങൾ വേണ്ടിവരുന്നത്, നമുക്ക് പുറത്തായുള്ള വസ്തുക്കൾ, വ്യക്തികൾ, സാധനങ്ങൾ ഇവ അനുഭവിക്കുന്നതിനും അറിയുന്നതിനും ആണ്. പക്ഷേ, നിങ്ങളുടെ സ്വന്തം ആത്മാവിനെ അറിയുന്നതിന് ഇന്ദ്രിയങ്ങൾ ആവശ്യമില്ല.

പ്രഫസർ അനിൽകുമാർ കൂടുതൽ ദിവ്യജ്ഞാനം അടുത്ത ലക്കത്തിൽ നമ്മളുമായി പങ്കു വയ്ക്കുന്നു.

നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു –** (***Sai-Vedam*** പേജ് 102-108)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)